അതോറിറ്റി ഓഫ് ഇൻഡ്യ സ്വീകരിച്ചുവരുന്നുണ്ട്. ദേശീയ ജലപാതയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 11 ടെർമിനലുകൾക്കും കൂടി 14.84 കോടി രൂപയുടെ ഒരു എസ്റ്റിമേറ്റിന് കേന്ദ്ര സർക്കാർ അനുമതിയും നൽകി കഴിഞ്ഞിട്ടുണ്ട്.

കല്ലട ജലസേചനപദ്ധതി

25 (1691) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ജലസേചനപദ്ധതിയിൽ എൽ. ബി. നമ്പർ 19, 21 എന്നീ സബ് ഡിവിഷനുകൾ കൊട്ടിയത്ത് സ്ഥിതിചെയ്യുന്നുണ്ടോ ;

(ബി) എങ്കിൽ സബ്ഡിവിഷനുകൾ 1987 വരെ ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷനുകളായിട്ടായിരുന്നോ പ്രവർത്തിച്ചിരുന്നത് ;

(സി) 1987-ന് ശേഷം ഇവ എക്സിക്യൂഷൻ സബ്ഡിവിഷനുകളായി മാറ്റിയോ ; എങ്കിൽ ഇൻവെസ്റ്റിഗേഷൻ പാറ്റേണിലുള്ള ജീവനക്കാർ മാത്രമാണിവിടെ ജോലി ചെയ്യുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കോടിക്കണക്കിന് രൂപയുടെ കരാർ പണികൾ നടക്കുന്ന ഈ സബ്ഡിവിഷനുകളിൽ മറ്റ് സബ്ഡിവിഷനുകളിൽ നിന്ന് വ്യത്യസ്തമായി മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഒരു ക്ലാർക്ക് മാത്രമാണോ ഉള്ളത് ;

(ഇ) ഈ ഓഫീസുകളിൽ യു. ഡി. ക്ലാർക്ക്, ഹെഡ് ക്ലാർക്ക് എന്നിവരുടെ ഓരോ തസ്തികകൾ വീതം അനുവദിക്കണമെന്ന് ഉദ്യോഗസ്ഥതലത്തിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഈ ഓഫീസുകളിൽ എക്സിക്യൂഷൻ പാറ്റേണിൽ മറ്റ് സബ്ഡിവിഷൻ ഓഫീസുകളിലെപ്പോലെ യു. ഡി. സി., എച്ച്. സി., തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ ; ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതെ.

(സി) മാറ്റി. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അതെ.

(ഇ) ലഭിച്ചിട്ടുണ്ട്.

(എഫ്) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കുറ്റ്യാടി-പെരുവണ്ണാമൂഴി ജലസേചന പദ്ധതി

26 (1692) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കുറ്റ്യാടി-പെരുവണ്ണാമൂഴി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട മെയിൻ ബ്രാഞ്ച് കനാലുകളുടെ നീളം എത്ര ;

(ബി) എത്ര ഹെക്ടർ സ്ഥലത്ത് ഈ കനാലുകളുടെ പ്രയോജനം ലഭിക്കുന്നുണ്ട് ;

(സി) പ്രവർത്തനക്ഷമമല്ലാത്ത എത്ര മീറ്റർ കനാലുണ്ട് ;

(ഡി) അവ പ്രവർത്തനക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കുറ്റ്യാടി-പെരുവണ്ണാമൂഴി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട മെയിൻ കനാലിന്റെ നീളം 75 കി.മീറ്ററും ബ്രാഞ്ച് കനാലിന്റെ നീളം 136 കി.മീറ്ററും ഡിസ്ട്രിബ്യൂട്ടറിയും സബ് ഡിസ്ട്രിബ്യൂട്ടറിയും ചേർന്നുള്ള നീളം 219 കി.മീറ്ററും ആകുന്നു.

(ബി) 14,151 ഹെക്ടർ സ്ഥലത്ത്.

(സി) 5.70 കി.മീറ്റർ കനാലുകൾ ഉണ്ട്.

(ഡി) ഉദ്ദേശമുണ്ട്. ഇക്കാര്യം പരിശോധനയിലാണ്.

മൂന്നാംകടവ് ജലസേചനപദ്ധതി

27 (1693) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാംകടവ് ജലസേചനപദ്ധതി പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഇപ്പോൾ നടക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണ്ണൂർ ഇറിഗേഷൻ ഇൻവെസ്റ്റിഗേഷൻ ഡിവിഷന്റെ കീഴിൽ കാഞ്ഞങ്ങാട് ഒരു സബ്ഡിവിഷനും കാസർഗോഡ് രണ്ട് സെക്ഷനുകളും കണ്ണൂരിൽ ഒരു സെക്ഷനും പ്രവർത്തിക്കുന്നുണ്ട്. 23.29 ഹെക്ടർ സ്ഥലത്ത് സൈറ്റ് സർവ്വേ, അപ്സ്ട്രീമിലെ 1.8 കി.മീ. റിവർ സർവ്വേ, 23.29 ഹെക്ടർ സ്ഥലത്തെ ഡാം സൈറ്റ് സർവ്വേ, ഡൗൺ സ്ട്രീമിലെ 1.8 കി.മീ റിവർ അലൈൻമെന്റ് സർവ്വേ എന്നീ ജോലികൾ പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly